# ബൈബിൾ -ഖുർആൻ: ഒരു താരതമ്യപഠനം

● ഇ.സി സൈമൺ മാസ്റ്റർ

രണ്ടു വേദഗ്രന്ഥങ്ങൾ. ഒന്ന് വിശുദ്ധ ബൈബിൾ. മറ്റേത് വിശുദ്ധ ഖുർആൻ. രണ്ടും പരസ്പരം ബന്ധപ്പെട്ടതാണ്. ബൈബിൾ ഖുർആനുമായി എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നു എന്ന കാര്യത്തിൽ അജ്ഞരാണ് ക്രൈസ്തവർ പൊതുവെ. അങ്ങനെ വല്ല ബന്ധവുമുണ്ടോ എന്നന്വേഷിക്കാനോ അറിയാനോ അവർ താൽപര്യം കാണിക്കാറില്ല. ക്രൈസ്തവ മതവേദമായ ബൈബിളിന്റെ കാര്യത്തിൽ മുസ്‌ലിംകൾ ഇത്ര താൽപര്യമെടുക്കുന്നതും ചർച്ചചെയ്യുന്നതും എന്തിന് എന്ന് ചോദിക്കുന്ന ക്രൈസ്തവ പണ്ഡിതർ പോലുമുണ്ട്. എന്നാൽ ക്രൈസ്തവർ ഖുർആനെ അവഗണിക്കുന്നതുപോലെ മുസ്‌ലിംകൾക്ക് അവഗണിക്കാവുന്നതല്ല ബൈബിൾ.

ബൈബിളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള പല വ്യക്തികളെയും സംഭവങ്ങളെയും ഖുർആൻ ആവർത്തിച്ച് പരാമർശിക്കുന്നുണ്ട്. ഖുർആന്റെ അത്തരം പരാമർശങ്ങളെ കൂടുതൽ വിശദമായി മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനും ബൈബിൾ പഠനം സഹായിക്കുന്നു.

അല്ലാഹു അവന്റെ അടിമകളായ വിശ്വാസികൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കപ്പെടുമെന്ന് തൗറാത്തിലും (ബൈബിളിലെ പഴയ നിയമം) ഇഞ്ചീലിലും (ബൈബിളിലെ പുതിയ നിയമം) ഖുർആനിലും ഉറച്ചു പറഞ്ഞിട്ടുള്ളതായി ഖുർആൻ പ്രസ്താവിക്കുന്നതുകൊണ്ടുതന്നെ ഈ മൂന്നു ഗ്രന്ഥങ്ങൾ തമ്മിലുള്ള അടുപ്പവും ബന്ധവും വ്യക്തമാകുന്നുണ്ട്.

“അല്ലാഹു സത്യവിശ്വാസികളിൽനിന്ന് അവർക്ക് സ്വർഗമുണ്ടെന്ന വ്യവസ്ഥയിൽ അവരുടെ ദേഹവും ധനവും വിലയ്ക്കു വാങ്ങിയിരിക്കുന്നു. അവർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. അങ്ങനെ വധിക്കുകയും വധിക്കപ്പെടുകയും ചെയ്യുന്നു. അവർക്ക് സ്വർഗമുണ്ടെന്നത് അല്ലാഹു തന്റെ മേൽ പാലിക്കാൻ ബാധ്യതയായി നിശ്ചയിച്ച സത്യനിഷ്ഠമായ വാഗ്ദാനമാണ്. തൗറാത്തിലും ഇഞ്ചീലിലും ഖുർആനിലും അതുണ്ട്. അല്ലാഹുവേക്കാൾ കരാർ പാലിക്കുന്നവനായി ആരുണ്ട്? അതിനാൽ നിങ്ങൾ നടത്തിയ കച്ചവട ഇടപാടിൽ സന്തോഷിച്ചുകൊള്ളുക. അതിമഹത്തായ വിജയവും അതുതന്നെ” (ഖുർആൻ 9:111).

മുൻ പ്രവാചകന്മാർ വഴി ലഭിച്ച വേദഗ്രന്ഥങ്ങളെ സൂചിപ്പിച്ചുകൊണ്ട് ഖുർആൻ പറയുന്നു: “നിനക്ക് നാം അവതരിപ്പിച്ചുതന്നതിനെ സംബന്ധിച്ച് നിനക്കെന്തെങ്കിലും സംശയമുണ്ടെങ്കിൽ നിനക്ക് മുമ്പേ വേദപാരായണം നടത്തിവരുന്നവരോട് ചോദിച്ചുനോക്കൂ. തീർച്ചയായും നിന്റെ നാഥനിൽനിന്ന് സത്യമാണ് നിനക്ക് വന്നെത്തിയിരിക്കുന്നത്. അതിനാൽ നീ സംശയാലുക്കളിൽ പെട്ടുപോകരുത്” (10:94).

പ്രവാചകന്മാർ തമ്മിൽ ഒരു വിവേചനവും അല്ലാഹു കാണിക്കുന്നില്ല. പല കാലഘട്ടങ്ങളിലും പല ജനതകൾക്കും ആയിരുന്നെങ്കിലും എല്ലാ പ്രവാചകന്മാർക്കും അവതരിച്ചത് ഒരേ ദൈവികസന്ദേശമായിരുന്നു. മുൻവേദമായ ബൈബിളിലെ തൗറാത്ത് എന്ന പഴയ നിയമവും ഇഞ്ചീൽ എന്ന പുതിയ നിയമവും ഏറ്റവും അവസാനമായി ദൈവം വെളിപ്പെടുത്തിയ ഖുർആനുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു വ്യക്തമാക്കുന്നതാണ് ഈ ഖുർആൻ സൂക്തം. ദൈവികഗ്രന്ഥങ്ങളുടെ പ്രയോക്താക്കൾ ഈ ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ പരസ്പരം പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും സൗഹൃദപൂർവം സഹകരിച്ച് ജീവിക്കുന്നതിനും ശ്രമിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഈ വചനം വിരൽചൂണ്ടുന്നത്.

അല്ലാഹുവിൽനിന്ന് നേരിട്ട് മൂസാനബിക്ക് (മോസസ്) കൽപലകയിൽ എഴുതിക്കിട്ടിയ ആദ്യ തൗറാത്ത് (തോറ) ഇസ്രായേൽക്കാർക്ക് നഷ്ടപ്പെട്ടെന്നും അതിന്റെ സ്ഥാനത്ത് ഇന്ന് നിലവിലുള്ള പഴയ നിയമം (Old Testament) പിൽക്കാലത്ത് എഴുതപ്പെട്ടതാണെന്നും അതുകൊണ്ട് യഥാർഥ തൗറാത്ത് ആയി അതിനെ അംഗീകരിക്കാൻ സാധ്യമല്ലെന്നും മുസ്‌ലിംകൾ പറയുമ്പോൾ യഹൂദരും ക്രിസ്ത്യാനികളും ആ പ്രസ്താവനക്കു നേരെ നെറ്റിചുളിക്കുകയാണ്. എന്നാൽ ബൈബിളിൽതന്നെ നേരായും രേഖപ്പെടുത്തിയിട്ടുള്ളതാണ് ആ കാര്യം എന്നതത്രെ

**അനവധി സഭാ വിഭാഗങ്ങളായി പിരിഞ്ഞു കിടക്കുന്ന ക്രൈസ്തവർ എല്ലാവരും അംഗീകരിക്കുന്നതോ എല്ലാവർക്കും സ്വീകാര്യമോ ആയ ഒരു പൊതു ബൈബിൾ ഇല്ലെന്നുള്ളതാണ് വാസ്തവം. രണ്ടുതരം ബൈബിളുകളാണ് ഇന്ന് ലോകത്ത് നിലവിലുള്ളത്. ഒന്ന് ലോകവ്യാപകമായ ബൈബിൾ സൊസൈറ്റികളും സഭകളുടെ ലോക കൗൺസിലും അംഗീകരിച്ചിട്ടുള്ള പ്രൊട്ടസ്റ്റന്റ് ബൈബിൾ അഥവാ ആധികാരിക ബൈബിൾ. ഏറ്റവും വലിയ ക്രൈസ്തവ വിഭാഗമായ കത്തോലിക്കാ സഭയും അവരുടെ തലവനായ മാർപാപ്പയും അംഗീകരിച്ചിട്ടുള്ളതാണ് മറ്റേത്. ഇവ തമ്മിൽ ഗുരുതരമായ വ്യത്യാസമുണ്ട്.**

വാസ്തവം. ബാബിലോണിൽ അടിമകളായി കഴിഞ്ഞിരുന്ന ഇസ്രായേൽക്കാരെ പേർഷ്യൻ ചക്രവർത്തിയായിരുന്ന സൈറസ്സിന്റെ കൽപനപ്രകാരം ബി.സി 538-ൽ ജറൂസലമിലേക്ക് മടങ്ങിപ്പോകാനും നെബൂക്കദ് നെസാറുടെ ആക്രമണകാലത്ത് തകർക്കപ്പെട്ട ജറൂസലം ദേവാലയം പുതുക്കിപ്പണിയാനും അനുവദിക്കുകയുണ്ടായി. അടിമത്തകാലത്ത് നഷ്ടപ്പെട്ടുപോയ ആദ്യ തൗറാത്തിനു പകരം എസ്രഎന്ന പുരോഹിത പണ്ഡിതൻ പുതുതായി മറ്റൊന്ന് എഴുതിയുണ്ടാക്കി അന്നു ജീവിച്ചിരുന്ന യഹൂദജനങ്ങളെ ഒന്നിച്ചുകൂട്ടി ഗ്രന്ഥം അവരെ വായിച്ചുകേൾപ്പിച്ച് അംഗീകാരം വാങ്ങിയ ശേഷം അവരുടെ പ്രധാന നേതാക്കളുടെ കൈയൊപ്പ് വാങ്ങിയ ചരിത്ര സംഭവം ബൈബിളിൽ ഇന്നും വ്യക്തമായി രേഖപ്പെട്ടു കിടക്കുകയാണ്. അപ്രകാരം ഒപ്പുവെച്ചവരുടെ പേരുവിവരം പോലും എഴുതപ്പെട്ടിരിക്കുന്നു (നെഹേമിയ 8:1-12, 9:38, 10:1-29).

ദൈവികമെന്ന് അവകാശപ്പെടുന്ന ഗ്രന്ഥങ്ങളാണ് ബൈബിളും ഖുർആനും. ബൈബിൾ ദൈവികമെന്ന് ക്രൈസ്തവർ വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുമ്പോൾ അതിനേക്കാൾ ഒട്ടും താഴെയല്ലാതെ ദൈവികഗ്രന്ഥം തന്നെ എന്നു വാദിക്കുകയും ഉറച്ചു വിശ്വസിക്കുകയുമാണ് ഖുർആനെ സംബന്ധിച്ച് മുസ്‌ലിംകൾ. ബൈബിൾ ഭാഗികമായി ദൈവികമാണ് അല്ലെങ്കിൽ പൂർണമായല്ലെങ്കിലും അതിൽ ദൈവവചനങ്ങളുണ്ട് എന്ന് മുസ്‌ലിംകളും സമ്മതിക്കുന്നു. എന്നാൽ ഖുർആൻ ദൈവികമാണെന്നോ അതിൽ ദൈവവചനങ്ങൾ ഉണ്ടെന്നു പോലുമോ ക്രൈസ്തവർക്ക് സമ്മതിക്കാനാവുന്നില്ല (അടുത്ത കാലത്തായി ചില ക്രൈസ്തവസഭകൾ ഈ നിലപാടിൽ നാമമാത്രമായ മാറ്റങ്ങൾ വരുത്തിയ കാര്യം ഇവിടെ സ്മരിക്കുന്നു). ക്രൈസ്തവ-മുസ്‌ലിം നിലപാടുകളിലെ ആഴമേറിയ ഈ ഭിന്നതയുടെ പശ്ചാത്തലത്തിൽ ബൈബിൾ-ഖുർആൻ വേദങ്ങളുടെ ദൈവികത മുൻവിധികളില്ലാതെ തികഞ്ഞ യാഥാർഥ്യബോധത്തോടെ സത്യസന്ധമായി പരിശോധിക്കുകയാണ് ചുവടെ.

ശരിയായ അർഥത്തിൽ ഒരു താരതമ്യപഠനം അർഹിക്കാത്ത ഗ്രന്ഥങ്ങളാണ് ബൈബിളും ഖുർആനും എന്നു പറഞ്ഞാൽ പലർക്കും അത്ഭുതം തോന്നിയേക്കും. ഇസ്‌ലാമിക വീക്ഷണത്തിൽ തുല്യതയുടെ അടിസ്ഥാനത്തിൽ ഖുർആനുമായി താരതമ്യപഠനം അർഹിക്കുന്ന ഗ്രന്ഥമല്ല ബൈബിൾ എന്ന വിലയിരുത്തൽ മറയില്ലാതെ തുറന്നു പറഞ്ഞാൽ ക്രൈസ്തവ സഹോദരന്മാർക്ക് നീരസമുണ്ടായേക്കും. അക്കൂട്ടത്തിൽ സഹിഷ്ണുത കുറഞ്ഞ ചിലർ പ്രകോപിതരായിത്തീരാനും ഇടയുണ്ട്. എന്നാൽ ആരെയും ആക്ഷേപിക്കുകയോ പ്രകോപിപ്പിക്കുകയോ ഈ ലേഖകന്റെ ഉദ്ദേശ്യമല്ല. സത്യത്തോട് മുഖാമുഖം സംവദിക്കാനുള്ള മനസ്സാക്ഷിയുടെ ആഹ്വാനം മാത്രമാണ് എന്റെ പ്രചോദനം. ആ ആഹ്വാനം ചെവിക്കൊള്ളുന്നത് സത്യാന്വേഷകർക്ക് പ്രയോജനം ചെയ്യുമെന്ന് ഞാൻ കരുതുന്നു.

ദൈവത്തിന് പൂർണമായി വഴങ്ങിയും വിധേയമായും ജീവിക്കുക എന്നാണ് ഖുർആനിൽ ഇസ്‌ലാം എന്ന പദത്തിനുള്ള നിർവചനം. അങ്ങനെ ജീവിക്കുന്ന ആൾ ആരോ അയാളാണ് മുസ്‌ലിം. അല്ലാഹു മനുഷ്യവർഗത്തിനായി നിർദേശിച്ചുകൊടുത്ത മതമാണ് ആ അർഥത്തിലുള്ള ഇസ്‌ലാം.

"അല്ലാഹുവിലുള്ള സമർപ്പണം, സത്യവിശ്വാസം, ഭയഭക്തി, സത്യസന്ധത, ക്ഷമാശീലം, വിനയം, ദാനശീലം, വ്രതാനുഷ്ഠാനം, ലൈംഗിക വിശുദ്ധി എന്നിവ ഉൾക്കൊള്ളുന്നവരും അല്ലാഹുവെ ധാരാളമായി സ്മരിക്കുന്നവരുമായ സ്ത്രീപുരുഷന്മാർക്ക് അവൻ പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിട്ടുണ്ട്" (ഖുർആൻ 33:35).

ദൈവികമതമായ ഇസ്‌ലാമിൽനിന്ന് വഴിതെറ്റിപ്പോയവർ എന്ന നിലയിൽ തെറ്റുതിരുത്തി വീണ്ടും നേർമാർഗത്തിലേക്ക് മടങ്ങിച്ചെല്ലാൻ യഹൂദരെയും ക്രൈസ്തവരെയും ക്ഷണിക്കുന്ന പല വാക്യങ്ങളും ഖുർആനിൽ കാണാം: "വേദക്കാരേ, വേദഗ്രന്ഥത്തിൽനിന്ന് നിങ്ങൾ മറച്ചുവെച്ചിരുന്ന ഒത്തിരി കാര്യങ്ങൾ വെളിപ്പെടുത്തിക്കൊണ്ട്, നമ്മുടെ ദൂതനിതാ നിങ്ങളുടെഅടുത്ത് വന്നിരിക്കുന്നു. ഒട്ടുവളരെ കാര്യങ്ങളിൽ അദ്ദേഹം വിട്ടുവീഴ്ച കാണിച്ചിരിക്കുന്നു. നിങ്ങൾക്കിതാ അല്ലാഹുവിൽനിന്നുള്ള വെളിച്ചവും തെളിവുറ്റ വേദവും വന്നെത്തിയിരിക്കുന്നു. തന്റെ തൃപ്തി നേടിയവരെ അല്ലാഹു വേദം വഴി സമാധാനത്തിന്റെ പാതയിലേക്ക് നയിക്കുന്നു. തന്റെ ഹിതത്താൽ അവരെ ഇരുളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു. നേരായ വഴിയിലൂടെ നയിക്കുകയും ചെയ്യുന്നു" (5:15,16).

"സത്യവിശ്വാസം സ്വീകരിച്ചവരേ, നിങ്ങൾ അല്ലാഹുവോട് ഭക്തിയുള്ളവരാവുക. അവന്റെ ദൂതനിൽ വിശ്വസിക്കുക. എങ്കിൽ തന്റെ അനുഗ്രഹത്തിൽനിന്ന് നിങ്ങൾക്കവൻ രണ്ട് ഓഹരി നൽകും. നിങ്ങൾക്ക് നടക്കാനാവശ്യമായ വെളിച്ചം സമ്മാനിക്കും. നിങ്ങൾക്ക് മാപ്പേകും. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമല്ലോ" (57:28).

ഇസ്‌ലാമിനു പുറത്തുള്ള വ്യത്യസ്ത മതക്കാരായല്ല യഹൂദരെയും ക്രൈസ്തവരെയും ഇസ്‌ലാം പരിഗണിക്കുന്നത്. ഒരേ മതം, ഒരേ ദൈവം, ഒരേ വിശ്വാസം എന്ന നിലയിൽ ഈ മൂന്നു വിഭാഗങ്ങളും ഒന്ന് എന്ന നിലയിലാണ് ഖുർആൻ കാണുന്നത്. ഭൂമിയിൽ അവതരിച്ച എല്ലാ പ്രവാചകന്മാരും പഠിപ്പിച്ചതും കൊണ്ടുവന്നതും ഒരേ ദൈവിക സന്ദേശങ്ങളാണെന്നും ആ പ്രവാചകന്മാരെയും അവർവഴി ലഭിച്ച മാർഗനിർദേശക തത്ത്വങ്ങളെയും എല്ലാവരും അംഗീകരിക്കണമെന്നും പാലിക്കണമെന്നുമാണ് ഖുർആനിക ആഹ്വാനം:

"സത്യവിശ്വാസികളേ, അല്ലാഹുവിലും അവന്റെ ദൂതനിലും അവന്റെ ദൂതന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും, അവൻ മുമ്പ് അവതരിപ്പിച്ച ഗ്രന്ഥങ്ങളിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്നപക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു" (4:136).

യേശു വരെയുള്ള മുഴുവൻ പ്രവാചകന്മാരെയും അംഗീകരിക്കുന്ന യഹൂദർ യേശുവിനെയും അതിനു ശേഷം അവതീർണനായ മുഹമ്മദ് നബി(സ)യെയും അംഗീകരിക്കണമെന്ന് ഖുർആൻ അവരോട് ആവശ്യപ്പെടുന്നു. അതുപോലെ യേശുവിനു ശേഷം അവതരിച്ച മുഹമ്മദ് നബി(സ) ഒഴിച്ച് എല്ലാ പ്രവാചകന്മാരെയും അംഗീകരിക്കുന്ന ക്രൈസ്തവരോട് മുഹമ്മദ് നബിയെയും അദ്ദേഹം വഴി ലഭിച്ച ഖുർആൻ എന്ന ദൈവികഗ്രന്ഥത്തെയും സ്വീകരിക്കണമെന്നാണ് ദൈവം ഖുർആനിൽകൂടി നടത്തുന്ന ഉദ്ബോധനം:

"വേദക്കാരേ, ദൈവദൂതന്മാരുടെ വരവ് നിലച്ചുപോയ വേളയിൽ നമ്മുടെ ദൂതനിതാ കാര്യങ്ങൾ വിശദീകരിച്ചുതരുന്നവനായി നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നു. 'ഞങ്ങളുടെ അടുത്ത് ശുഭവാർത്ത അറിയിക്കുന്നവനോ മുന്നറിയിപ്പുകാരനോ വന്നിട്ടില്ലല്ലോ' എന്ന് നിങ്ങൾ പറയാതിരിക്കാനാണിത്. തീർച്ചയായും നിങ്ങൾക്ക് സന്തോഷവാർത്ത അറിയിക്കുകയും മുന്നറിയിപ്പ് നൽകുകയും ചെയ്യുന്ന ദൂതനിതാ വന്നെത്തിയിരിക്കുന്നു. അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുറ്റവൻതന്നെ"(5:19).

അങ്ങനെ അല്ലാഹുവിലും പ്രവാചകന്മാരിലും അവർ വഴി ലഭിച്ച ദൈവിക ഗ്രന്ഥങ്ങളിലും വിശ്വസിച്ച് അല്ലാഹുവിന് പൂർണമായി വഴങ്ങി നമസ്കാരങ്ങളും സകാത്തും സദ്പ്രവർത്തനങ്ങളും നടത്തി ജീവിക്കാനാണ് എല്ലാവരോടുമുള്ള അനുശാസനം. അത് അനുസരിച്ച് ജീവിക്കുന്നവരെയാണ് മുസ്‌ലിം എന്ന് ഇസ്‌ലാം വിവക്ഷിക്കുന്നത്.

മനുഷ്യർക്ക് ഏറ്റവുമധികം വിശ

സനീയമായിരിക്കേണ്ടതാണ് ദൈവവചനങ്ങൾ. യഥാർഥമായും ദൈവത്തിൽനിന്നുള്ള വാക്യങ്ങളാണെങ്കിൽ അവ ചോദ്യം ചെയ്യപ്പെടുകയില്ല. ചോദ്യം ചെയ്താൽതന്നെ നിലനിൽപില്ലാതെ വളരെ വേഗം തകർന്നുപോകുന്നതായിരിക്കും അവക്കെതിരായ വാദമുഖങ്ങൾ. അതായത് വിശ്വാസ്യതയാണ് ദൈവവചനങ്ങളുടെ മുഖമുദ്ര. പരസ്പരവിരുദ്ധങ്ങളായ പല പ്രസ്താവനകളും ബൈബിളിൽ കാണാം. പരസ്പരം പൊരുത്തപ്പെടാത്ത ബൈബിൾപ്രസ്താവനകൾക്ക് ചില ഉദാഹരണങ്ങൾ പരിശോധിക്കാം:

ബൈബിൾ സൂക്ഷ്മമായി പഠിക്കുന്ന ആർക്കും എളുപ്പത്തിൽ ബോധ്യപ്പെടുന്നതാണ് യേശു ദൈവമോ ദൈവപുത്രനോ ആയിരുന്നില്ലെന്ന യാഥാർഥ്യം. ക്രൈസ്തവപുരോഹിതന്മാർ പിന്നീട് രൂപപ്പെടുത്തിയെടുത്തതാണ് ആ വിശ്വാസമെന്നതിന് ആ വേദത്തിൽതന്നെയുണ്ട് ധാരാളം തെളിവുകൾ.

മാർക്കോസ് എഴുതിയ സുവിശേഷത്തിൽ ഒന്നാം അധ്യായത്തിലെ ഒന്നാം വാക്യം തുടങ്ങുന്നത് 'ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം' എന്ന വ്യക്തമായ പ്രഖ്യാപനത്തോടെയാണ്. പ്രസ്തുത വാക്യം ദൈവവചനമായിരുന്നെങ്കിൽ ആരും അത് ചോദ്യം ചെയ്യുകയോ നിഷേധിക്കുകയോ ചെയ്യുമായിരുന്നില്ല. യേശു ദൈവപുത്രനാണെന്നും അദ്ദേഹത്തിന്റെ സുവിശേഷമാണ് അതെന്നും എല്ലാവരും അംഗീകരിക്കുമായിരുന്നു. എന്നാൽ ആ വാക്യത്തെപ്പറ്റി അതേ ഗ്രന്ഥത്തിന്റെ അടിക്കുറിപ്പിൽ(foot note) ഒരു വലിയ സത്യം ചെറിയ അക്ഷരങ്ങളിൽ ചില പ്രത്യേകതരം ഗ്രന്ഥങ്ങളിൽ മാത്രം രേഖപ്പെടുത്തിയിട്ടുള്ളതായി കാണാം. ചില പഴയ കൈയെഴുത്തു പ്രതികളിൽ 'ദൈവപുത്രൻ' എന്ന പദം കാണാനില്ലെന്നാണ് അടിക്കുറിപ്പ്. അതായത് യേശുക്രിസ്തുവിന്റെ ദൈവപുത്രൻ എന്ന വിശേഷണം അഥവാ വേദവാക്യം ആദ്യകാലത്ത് സർവാംഗീകൃതമായിരുന്നില്ല. ദൈവമെന്നും ദൈവപുത്രനെന്നുമുള്ള ക്രൈസ്തവ സങ്കൽപം അതോടെ കീഴ്മേൽ മറിയുന്നു. ഗ്രന്ഥത്തിന്റെ മൂലകൃതിയിൽ ഇല്ലാതിരുന്ന 'ദൈവപുത്രൻ' എന്ന പദം പിൽക്കാലത്ത് എങ്ങനെയോ അതിൽ എഴുതിപ്പിടിപ്പിച്ച് യേശുവിനെ ദൈവമാക്കി ഉയർത്തുകയായിരുന്നു. മാർക്കോസിന്റെ സുവിശേഷത്തിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നതാണ് ഈ വസ്തുത.

കൈയേറ്റങ്ങൾക്കും കൈകടത്തലുകൾക്കും വിധേയമായിട്ടുണ്ട് എന്നതിന് വേറെയും കാണാം ധാരാളം ഉദാഹരണങ്ങൾ. വേദം അവസാനിക്കുന്ന 16-ാം അധ്യായം ചില ടെക്സ്റ്റുകളിൽ വെറും 8 വാക്യങ്ങൾ കൊണ്ട് തീരുമ്പോൾ വേറെ ചിലതിൽ പത്തും മറ്റു ചിലതിൽ ഇരുപതും വാക്യങ്ങൾ കൊണ്ടാണ് പര്യവസാനം. ഒരേ ഗ്രന്ഥത്തിന്റെ ഒരേ അധ്യായം ഇങ്ങനെ മൂന്നു വിധത്തിൽ അവസാനിക്കുന്നത് ആ ഗ്രന്ഥത്തിന്റെ ആധികാരികതയെ ഹനിക്കുന്നു. അതുകൊണ്ടുതന്നെ ദൈവികം എന്ന വിശേഷണം അർഹിക്കുന്നതാണോ മാർക്കോസിന്റെ സുവിശേഷമെന്ന സംശയം അസ്ഥാനത്താകുന്നില്ല.

വലുതായ തെറ്റുധാരണക്ക് ഇട നൽകുന്നതാണ് യോഹന്നാന്റെ സുവിശേഷത്തിലെ ആദ്യ വാക്യങ്ങൾ മൂന്നെണ്ണം. അതിങ്ങനെ:

ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടു കൂടെയായിരുന്നു. സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല (യോഹന്നാൻ 1:1-3).

ഗ്രീക്ക് ഭാഷയിൽ യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ പരിഭാഷകളാണ് ഇന്ന് ലോകത്തിലെ മറ്റു ഭാഷകളിൽ പ്രചാരത്തിലുള്ളത്. ആദിയിൽ ദൈവം വചനമായിരുന്നു എന്ന വാക്യത്തിലെ 'വചനം' (word- logos) എന്ന പദത്തിന് ഗ്രീക്ക് ഭാഷയിൽ യേശു എന്നാണത്രെ അർഥം. ആ ഭാഷയിൽ യഥാർഥത്തിൽ ഇല്ലാത്ത അർഥം ഉണ്ടെന്നുവരുത്തി അതിന്മേൽ ആശയം കെട്ടിപ്പടുക്കുകയല്ലേ ചെയ്തിരിക്കുന്നതെന്ന് ന്യായമായും സംശയിക്കാവുന്നതാണ്. ആ പദത്തിന് 'യേശു' എന്ന് അർഥം ഉണ്ടായിരുന്നെങ്കിൽ നേരെ അതു പറയാതെ 'വചനം' എന്ന പകരം പദം ഉപയോഗിക്കുമായിരുന്നില്ല. ഗ്രീക്ക് ഭാഷാ ഡിക്ഷ്ണറികളിലൊന്നിലും കാണാൻ കഴിയാത്തതാണ് logos-word എന്ന പദത്തിന് യേശു എന്ന അർഥം. മറ്റു ഭാഷാ ഡിക്ഷ്ണറികളിലും word-logos എന്ന പദത്തിന് അങ്ങനെ ഒരർഥം കാണാനാവില്ല. അങ്ങനെ ഒരർഥം ഉണ്ടായിരുന്നെങ്കിൽ ആ വാക്യങ്ങൾ ഇങ്ങനെ ആകുമായിരുന്നു:

"ആദിയിൽ യേശു ഉണ്ടായിരുന്നു; യേശു ദൈവത്തോടുകൂടെ ആയിരുന്നു; യേശു ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. സമസ്തവും അവനിലൂടെ ഉണ്ടായി. ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല."

യേശു ദൈവമായിരുന്നെന്ന് സുവിശേഷകർത്താവിന് ദൃഢവിശ്വാസമുണ്ടായിരുന്നെങ്കിൽ ഗൂഢാർഥമില്ലാതെ വ്യക്തമായിത്തന്നെ അതെഴുതുമായിരുന്നു. എന്നാൽ മുഴുവൻ ബൈബിളിന്റെയും അന്തസ്സത്തക്കു വിരുദ്ധമായി യേശു ദൈവമാണ് എന്നെഴുതിവെക്കാൻ യോഹന്നാനോ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ ഗൂഢാർഥം കെട്ടിച്ചമച്ചവർക്കോ കഴിയുമായിരുന്നില്ല എന്നതാണ് വാസ്തവം.

'ഉണ്ടാവട്ടെ' എന്ന ദൈവവചനത്തിന്റെ ഫലമായി യേശു എന്ന മനുഷ്യശിശു മാതാവായ മർയമിന്റെ ഉദരത്തിൽ പിതാവില്ലാതെ രൂപം കൊണ്ടു എന്നതാണ് യഥാർഥ വസ്തുത. ആ മനുഷ്യശിശുവിനെ ദൈവമാക്കി കാണിക്കാനുള്ള വെമ്പലിൽ ഇത്തരം അവിശ്വസനീയ പ്രസ്താവനകൾ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തേണ്ടിവരികയായിരുന്നു. മർയം അങ്ങനെ പ്രസവിക്കുമെന്ന് ദൈവത്തിന്റെ മാലാഖ അവളെ അറിയിച്ചതും അതനുസരിച്ച് അവൾ പ്രസവിച്ചതും യേശു എന്ന് പേരിട്ടതും ബൈബിൾതന്നെ രേഖപ്പെടുത്തിയിരിക്കുമ്പോഴാണ് അതേ ഗ്രന്ഥത്തിന്റെ മറ്റൊരു ഭാഗത്ത്, ഭൂമിയിൽ ജനിക്കുന്നതിന് മുമ്പുതന്നെ യേശു ദൈവത്തിന്റെ കൂടെ ആയിരുന്നു എന്നും ദൈവം തന്നെ ആയിരുന്നു എന്നും മറ്റും എഴുതിപ്പിടിപ്പിച്ച് സംഭവത്തെ സങ്കീർണമാക്കിത്തീർത്തത്.

'ഉണ്ടാവട്ടെ' എന്ന ദൈവവചനമനുസരിച്ചുള്ള യേശുവിന്റെ ജനനം ഖുർആനിൽ ഇങ്ങനെ രേഖപ്പെടുത്തി: "മലക്കുകൾ പറഞ്ഞതോർക്കുക: 'മർയം, അല്ലാഹു തന്നിൽനിന്നുള്ള ഒരു വചനത്തെ സംബന്ധിച്ച് നിന്നെയിതാ ശുഭവാർത്ത അറിയിക്കുന്നു. അവന്റെ പേര് മർയമിന്റെ മകൻ മസീഹ് ഈസാ എന്നാകുന്നു. അവൻ ഈ ലോകത്തും പരലോകത്തും ഉന്നത സ്ഥാനീയനും ദിവ്യസാമീപ്യം സിദ്ധിച്ചവനുമായിരിക്കും. തൊട്ടിലിൽ വെച്ചുതന്നെ അവൻ ജനത്തോട് സംസാരിക്കും, പ്രായമായ ശേഷവും. അവൻ സദാ സദ്‌വൃത്തനായിരിക്കും.'

അവൾ ചോദിച്ചു: 'എന്റെ നാഥാ, എനിക്കെങ്ങനെ പുത്രനുണ്ടാകും? എന്നെ ഒരു പുരുഷനും തൊട്ടിട്ടുപോലുമില്ല!'

അല്ലാഹു അറിയിച്ചു: 'അത് ശരിതന്നെ. എന്നാൽ അല്ലാഹു അവനിഛിക്കുന്നത് സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചാൽ 'അതുണ്ടാവട്ടെ' എന്നു പറയുകയേ വേണ്ടൂ. അപ്പോഴേക്ക് അതുണ്ടാവുന്നു" (3:45-47).

ആശയക്കുഴപ്പം സൂചിപ്പിക്കുന്നവയാണ് യോഹന്നാന്റെ സുവിശേഷം 8-ാം അധ്യായം 1 മുതൽ 12 വരെ വാക്യങ്ങൾ. ചിലതരം ഗ്രന്ഥങ്ങളിൽ ആ 12 വാക്യങ്ങൾ യഥാസ്ഥാനത്ത് ചേർക്കാതെ ആ സ്ഥലം ഒഴിവാക്കി 13-ാം വാക്യം മുതലാണ് ആരംഭം. പകരം അടിക്കുറിപ്പായി അത് ചേർത്തിരിക്കുന്നു. വേറെ ചിലതിൽ ബ്രാക്കറ്റിലോ ചരിഞ്ഞ അക്ഷരങ്ങളിലോ (ഇറ്റാലിക്) ആണ്. ആദ്യകാല കൈയെഴുത്തു പ്രതികളിൽ ഇല്ലാതിരുന്ന വാ

ക്യങ്ങളായതാണ് ഈ വ്യതിയാനങ്ങൾക്ക് നിദാനം.

അനവധി സഭാ വിഭാഗങ്ങളായി പിരിഞ്ഞു കിടക്കുന്ന ക്രൈസ്തവർ എല്ലാവരും അംഗീകരിക്കുന്നതോ എല്ലാവർക്കും സ്വീകാര്യമോ ആയ ഒരു പൊതു ബൈബിൾ ഇല്ലെന്നുള്ളതാണ് വാസ്തവം. രണ്ടുതരം ബൈബിളുകളാണ് ഇന്ന് ലോകത്ത് നിലവിലുള്ളത്. ഒന്ന് ലോക വ്യാപകമായ ബൈബിൾ സൊസൈറ്റികളും സഭകളുടെ ലോക കൗൺസിലും അംഗീകരിച്ചിട്ടുള്ള പ്രൊട്ടസ്റ്റന്റ് ബൈബിൾ അഥവാ ആധികാരിക ബൈബിൾ. ഏറ്റവും വലിയ ക്രൈസ്തവ വിഭാഗമായ കത്തോലിക്കാ സഭയും അവരുടെ തലവനായ മാർപാപ്പയും അംഗീകരിച്ചിട്ടുള്ളതാണ് മറ്റേത്. ഇവ തമ്മിൽ ഗുരുതരമായ വ്യത്യാസമുണ്ട്.

ബൈബിൾ സൊസൈറ്റികളുടെ ഗ്രന്ഥത്തിൽ 66 പുസ്തകങ്ങൾ മാത്രം അടങ്ങിയിരിക്കുമ്പോൾ 73 പുസ്തകങ്ങളാണ് കത്തോലിക്കാ ബൈബിളിന്റെ ഉള്ളടക്കം. പ്രകടമായ വ്യത്യാസങ്ങളുള്ള രണ്ടുതരം ഗ്രന്ഥങ്ങളെയും ഓരോ സഭാ വിഭാഗക്കാരും ദൈവികമെന്നും ദൈവനിവേശിതമെന്നും വിശേഷിപ്പിക്കാറുണ്ടെങ്കിലും ഈ പ്രസ്താവനകളെ പരസ്പരം അംഗീകരിക്കുന്നില്ല ഇരു വിഭാഗങ്ങളും. അവർ അവകാശപ്പെടുന്ന പോലെ രണ്ടു ഗ്രന്ഥങ്ങളും ദൈവികമായിരുന്നെങ്കിൽ ഒന്നിൽ ഏഴു പുസ്തകം അധികമോ മറ്റേതിൽ ഏഴു പുസ്തകം കുറവോ വരുമായിരുന്നില്ല.

ബൈബിളിൽ വൈരുധ്യമില്ലെന്ന് പറയുന്നവർ രണ്ടുതരം ബൈബിൾ നിലനിൽക്കുന്നതുതന്നെ വൈരുധ്യമല്ലേ എന്ന ചോദ്യത്തിനു മുമ്പിൽ ഉത്തരം മുട്ടുന്നതു കാണാം. എല്ലാ വിഭാഗം ക്രൈസ്തവർക്കും സ്വീകാര്യമായ ഒരേകീകൃത ബൈബിളിന്റെ അഭാവം യഥാർഥ ബൈബിൾ ഏതെന്ന ചോദ്യമുയർത്തുന്നു. ഭൂമിയാകെ തെരഞ്ഞാലും വള്ളിപുള്ളി വ്യത്യാസമില്ലാത്ത ഒരേയൊരു ഖുർആൻ അല്ലാതെ രണ്ടാമതൊരു തരം ലഭ്യമല്ല. പക്ഷേ ബൈബിളിന്റെ അവസ്ഥ ഇതല്ല.

രണ്ടു തരം ബൈബിൾ ഗ്രന്ഥങ്ങളിലും പൊതുവായി കാണുന്ന ഒന്നാണ് പഴയ നിയമത്തിലെ എസ്തേർ എന്ന പുസ്തകം. എന്നാൽ കത്തോലിക്കാ ബൈബിളിൽ ഒന്നാം അധ്യായമല്ല അതിന്റെ തുടക്കം; 11-ാം അധ്യായമാണ്. പിന്നീട് 12,1,2,3,13,3,4,13,14,5,15,5,6,7,8,16,8,9,10,11 എന്നിങ്ങനെ വരുന്നു തുടർന്നുള്ള അധ്യായങ്ങൾ. ബൈബിൾ സൊസൈറ്റിയുടെ അംഗീകൃത ബൈബിളിൽ ഇല്ലാത്ത 108 വാക്യങ്ങൾ മറ്റേ ഗ്രന്ഥത്തിന്റെ വിവിധ ഭാഗങ്ങളിലായി കൂട്ടിച്ചേർത്തതാണ് അധ്യായക്രമത്തിൽ വന്ന ഈ താളപ്പിഴക്കു കാരണം.

ദൈവികമെന്നും ദൈവവചനങ്ങളെന്നും വിശേഷിപ്പിക്കപ്പെടുന്ന ഒരു ഗ്രന്ഥത്തിൽ ഇത്തരം വൈരുധ്യങ്ങൾ ഇനിയും ധാരാളം കാണാൻ കഴിയും. ഗ്രന്ഥത്തിന്റെ വിശ്വാസ്യതക്ക് മങ്ങലേൽപിക്കുന്നതാണ് ഉടനീളം മുഴച്ചുനിൽക്കുന്ന എണ്ണമറ്റ പൊരുത്തക്കേടുകൾ. ദൈവവചനത്തിന്റെ അനിവാര്യമായ പ്രത്യേകതയാണല്ലോ വിശ്വാസ്യത. എങ്കിലും ഇപ്പറഞ്ഞതിൽനിന്ന് ബൈബിൾ ഒട്ടും വിശ്വാസ്യമല്ലെന്നോ അതിൽ ദൈവവചനങ്ങൾ തീരെ ഇല്ലെന്നോ അർഥമാക്കേണ്ടതില്ല. ദൈവവചനങ്ങൾ മാത്രമടങ്ങിയ സത്യ വേദപുസ്തകമല്ല അതെന്നു മാത്രമേ ഇവിടെ ഉദ്ദേശിക്കുന്നുള്ളൂ.

യഥാർഥമായ ഒരു ദൈവികഗ്രന്ഥം എങ്ങനെയിരിക്കും എന്നതിനെപ്പറ്റി വ്യക്തമായ ധാരണയില്ലാതെ അന്ധമായി വിശ്വസിക്കുന്നവർക്കു മാത്രമേ ബൈബിളിന്റെ സമ്പൂർണ ദൈവികതയിൽ സംശയം തോന്നാതിരിക്കൂ. എന്നാൽ ഖുർആൻ എന്ന ഗ്രന്ഥത്തെപ്പറ്റി സത്യസന്ധവും വസ്തുനിഷ്ഠവുമായ ഒരു നിഷ്പക്ഷ പഠനത്തിന് സന്നദ്ധരാവുന്ന ആർക്കും എളുപ്പം ബോധ്യപ്പെടുന്നതാണ് മുസ്‌ലിംകൾ എന്തുകൊണ്ട് അതൊരു സമ്പൂർണ ദൈവിക ഗ്രന്ഥമെന്ന് ഊറ്റം കൊള്ളുന്നു എന്ന വസ്തുത.

ഖുർആൻ പറയുന്നു: "സംശയമില്ല; മനുഷ്യർക്കാകമാനമുള്ള സത്യസന്ദേശവുമായി നാം നിനക്ക് ഈ വേദപുസ്തകം ഇറക്കിത്തന്നിരിക്കുന്നു. അതിനാൽ ആരെങ്കിലും നേർവഴി സ്വീകരിച്ചാൽ അതിന്റെ നന്മ അവനുതന്നെയാണ്. വല്ലവനും വഴികേടിലായാൽ അതിന്റെ ദോഷവും അവനുതന്നെ. നീ അവരുടെ കൈകാര്യകർത്താവൊന്നുമല്ല'' (39:41).

"ഇത് നാം നിനക്ക് ഇറക്കിയ വേദപുസ്തകമാണ്. ജനങ്ങളെ അവരുടെ നാഥന്റെ അനുമതിയോടെ ഇരുളിൽനിന്ന് വെളിച്ചത്തിലേക്ക് നയിക്കാൻ. പ്രതാപിയും സ്തുത്യർഹനുമായവന്റെ മാർഗത്തിലേക്ക്" (14:1).

"നാം ഈ ഖുർആനെ ഒരു പർവതത്തിന്മേലാണ് ഇറക്കിയിരുന്നതെങ്കിൽ ദൈവഭയത്താൽ അത് ഏറെ വിനീതമാകുന്നതും പൊട്ടിപ്പിളരുന്നതും നിനക്ക് കാണാമായിരുന്നു. ഈ ഉദാഹരണങ്ങളെല്ലാം നാം മനുഷ്യർക്കായി വിവരിക്കുകയാണ്. അവർ ആലോചിച്ചറിയാൻ. അവനാണ് അല്ലാഹു. അവനല്ലാതെ ദൈവമില്ല. കാണുന്നതും കാണാത്തതും അറിയുന്നവനാണവൻ. അവൻ ദയാപരനും കരുണാമയനുമാണ്" (59:21,22).

ഖുർആനിൽ പരാമർശിക്കുന്ന തൗറാത്ത്, ഇഞ്ചീൽ എന്നിവയിലുണ്ടായിരുന്ന ചില ഭാഗങ്ങൾ ഇന്നത്തെ ബൈബിളിലെ പഴയ നിയമത്തിലും പുതിയ നിയമത്തിലും കാണാമെങ്കിലും പൂർണമായ അർഥത്തിലുള്ള തൗറാത്തായോ ഇഞ്ചീലായോ അവയെ അംഗീകരിക്കാനാവില്ല. ബൈബിൾ വാഹകരുടെ അശ്രദ്ധയും അനാസ്ഥയും മൂലം തൽപരകക്ഷികൾക്ക് കൈകടത്താനും സ്വേഛാനുസാരം കൂട്ടിച്ചേർക്കാനും വെട്ടിത്തിരുത്താനും സാധ്യമാകുന്ന ഒരുതരം അനാസ്ഥ ആ ഗ്രന്ഥത്തിന് നേരിടുകയുണ്ടായി. എന്നാൽ 14 നൂറ്റാണ്ടുകളോളമായി യാതൊരുവിധ കൈകടത്തലുകൾക്കോ മാറ്റങ്ങൾക്കോ വിധേയമാകാതെ സമ്പൂർണമായും ആദ്യകാല രൂപത്തിൽതന്നെ ഇന്നുവരെ നിലനിൽക്കുന്ന ഗ്രന്ഥമാണ് ഖുർആൻ. ഈ രണ്ടു വേദങ്ങളും പരസ്പരം ബന്ധപ്പെട്ടതാണെങ്കിലും വേണ്ടത്ര സമ്പർക്കവും ആശയവിനിമയവും നടത്താതെ അകന്നുകഴിയുകയാണ് രണ്ടു വേദത്തിന്റെയും വാഹകർ. സാധാരണക്കാർക്ക് വേദഗ്രന്ഥങ്ങളെപ്പറ്റി ഒരു സാമാന്യബോധം ലഭിക്കുംവണ്ണം ബൈബിളിനെയും ഖുർആനെയും ഒരു താരതമ്യ പഠനത്തിനു വിധേയമാക്കുന്നത് അഭിലഷണീയമായിരിക്കുമെന്ന ചിന്തയാണ് ഈ സംരംഭത്തിന്റെ പ്രചോദനം.

മനുഷ്യനിർമിതമല്ലെന്നുള്ളതാണ് ഖുർആനെ സംബന്ധിച്ച് മുസ്‌ലിംകൾക്കുള്ള പ്രധാന അവകാശവാദം. മുസ്‌ലിംകളല്ലാത്ത ഒട്ടുമിക്കവർക്കും അവിശ്വസനീയമായി തോന്നുന്ന ആ സംഭവത്തിന്റെ യാഥാർഥ്യം ഗ്രഹിക്കുന്നതിന് തുറന്ന മനസ്സോടെയുള്ള ഒരു നിഷ്പക്ഷ സമീപനം ആ ഗ്രന്ഥം ആവശ്യപ്പെടുന്നു. ദൈവത്തിന്റെ സന്ദേശവാഹകരിൽ പ്രമുഖനായ ഗബ്രിയേൽ (ജിബ്‌രീൽ) മാലാഖ വഴി നിരക്ഷരനായ മുഹമ്മദ് നബിക്ക് 23 കൊല്ലങ്ങൾക്കിടയിൽ പലപ്പോഴായും അൽപാൽപമായും വെളിപ്പെടുത്തിക്കിട്ടിയ സന്ദേശങ്ങളുടെ സമാഹാരമാണ് പരിശുദ്ധ ഖുർആൻ എന്ന വാദത്തിൽ കഴമ്പുണ്ടോ എന്നാണ് ആദ്യം അന്വേഷിക്കേണ്ടത്.

(തുടരും)